പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 401

18.10.2011 -ൽ മറുപടിയ്ക്ക്

## അളവുതൂക്ക പരിശോധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) അളവുതൂക്ക പരിശോധന സ്വകാര്യമേഖലയ്ക്ക് നൽകാനുള്ള കേന്ദ്ര നിർദ്ദേശം സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ; | (എ) കേന്ദ്ര ഗവൺമെന്റ് പുതുതായി പ്രസിദ്ധീകരിച്ച 2011 -ലെ ഗവൺമെന്റ് അപ്രൂവുഡ് ടെസ്റ്റ് സെന്റർ (Government Approved Test Centre) സംബന്ധിച്ച കരട് നിയമ പ്രകാരം ഒമ്പതിനം അളവ് തൂക്ക ഉപകരണങ്ങളുടെ പരിശോധന സ്വകാര്യ മേഖലയെ (Government Approved Test Centre) (GATC) എൽപ്പിക്കുകയാണ്. ഇതുവഴി ലീഗൽ മെട്രോളജി നിർവ്വഹണ ഉദ്യോഗസ്ഥർ ചെയ്തുവരുന്ന ആദ്യ പരിശോധനയും, പുനഃപരിശോധനയും വലിയൊരുശതമാനം സ്വകാര്യ മേഖലയ്ക്ക് കൈമാറപ്പെടുന്നതാണ്. ഇതിലൂടെ ടി ഉപകരണങ്ങളുടെ മുദ്ര ഫീസിനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകും. |
| (ബി) കേന്ദ്രത്തിന്റെ പ്രസ്തുത നിർദ്ദേശം പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (ബി) ലീഗൽ മെട്രോളജി വകുപ്പിന് പമ്പുകളിൽ മിന്നൽ പരിശോധന നടത്തുന്നതിനും, നിയമലംഘനത്തിന് കേസ് രജിസ്റ്റർ ചെയ്യുന്നതിനും ഗവൺമെന്റ് അപ്രൂവുഡ് ടെസ്റ്റ് സെന്റർ (Government Approved Test Centre) നിയമങ്ങൾ തടസ്സമാകുന്നില്ല. അതിനാൽ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് |

പ്രസ്തുത നിർദ്ദേശങ്ങൾ പ്രതികൂലമായി ബാധിക്കുകയില്ല.

| | |
|---|---|
| (സി) ഏതെല്ലാം മേഖലകളാണ് സ്വകാര്യ ഏജൻസികൾക്ക് നൽകുന്നതിന് കേന്ദ്രം നിർദ്ദേശിച്ചത് ; വിശദമാക്കാമോ ? | (സി) ചുവടെ പറയുന്ന ഒമ്പതിനം ഉപകരണങ്ങളുടെ പരിശോധനയാണ് സ്വകാര്യ മേഖലയെ (Government Approved Test Centre) ഏൽപ്പിക്കുവാൻ കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത്.<br>(1) Measuring system for liquids other than water.<br>(2) Water meter.<br>(3) Electricity meter.<br>(4) Sphygmomanometer.<br>(5) Clinical Thermometer.<br>(6) Gluco meter.<br>(7) Compressed Natural Gas Dispenser.<br>(8) Weighbridges.<br>(9) Automatic Rail Weighbridges. |

സെക്ഷൻ ഓഫീസർ